ദേശീയ സമ്പാദ്യപദ്ധതി

ഏജൻറന്മാരുടേയും പ്രവർത്തകരുടേയും ശ്രദ്ധയ്ക്കു്

നാഷണൽ സേവിംഗ്സ്
ഡയറക്ററററേററിനുവേണ്ടി പബ്ളിക് റിലേഷൻസ്
വകുപ്പ് പ്രസിദ്ധപ്പെടുത്തുന്നതു്.

Govt: High School
Kottayam

ദേശീയ സമ്പാദ്യ പദ്ധതി

ഈ ലഘുലേഖ ദേശീയസമ്പാദ്യപദ്ധതിയിലെ അംഗീകൃത ഏജൻറാരുന്മ ടേയും പ്രവത്തകരുടേയും ഉപയോഗത്തിനുവേണ്ടി തയ്യാറാക്കിയിട്ടുള്ളതാകുന്നു.

ദേശീയസമ്പാദ്യപ്രസ്ഥാനം രാജ്യത്തിൻെറ വികസനപദ്ധതികൾക്കും പ്രതിരോധനത്തിനും ഗണ്യമായ സംഭാവനയാണ് നല്കിക്കൊണ്ടിരിക്കുന്നതു്. ഒന്നാമതായി, ഈ പദ്ധതി ജനങ്ങളുടെ ഇടയിൽ മിതവ്യയം വളത്തുകയും അവരുടെ സമ്പാദ്യം തങ്ങളുടേയും രാജ്യത്തിൻേറയും പ്രയോജനത്തിനുവേണ്ടി പോസ്റ്റാഫീസ് സേവിങ്സ് ബാങ്കുവഴി ഗവണ്മെൻറിൽ നിക്ഷേപിക്കു ന്നതിനും സേവിങ്സ് സെക്യൂരിററികൾ വാങ്ങുന്നതിനും പ്രേരിപ്പിക്കുകയും ചെയ്യുന്നു. രണ്ടാമതായി, ദേശീയവികസനത്തിനുള്ള വിഭവങ്ങൾ നേടുന്ന തിനുപുറമേ ദേശീയപ്രതിരോധത്തിനു വേണ്ട വിഭവങ്ങൾ സമാജ്ജിക്കുന്നതി നുള്ള മഹത്തായ യജ്ഞത്തിൽ പങ്കാളികളാകാൻ തങ്ങളുടെ മിച്ചനിക്ഷേപം കൊണ്ടു് ജനങ്ങൾക്കു് സാദ്ധ്യമാകുന്നു.

ഈ പ്രസ്ഥാനം കേന്ദ്രത്തിലും സംസ്ഥാനത്തിലുമുള്ള ഉദ്യോഗസ്ഥന്മാരും ഉപദേശകസമിതികളും ചേന്നു് വാളണ്ടിയറന്മാർ, അംഗീകൃത ഏജൻറന്മാർ, സമ്പാദ്യഗ്രൂപ്പുകൾ എന്നിവയിലൂടെ കെട്ടിപ്പടുത്തിട്ടുള്ളതാണ്. ഏതായാലും അംഗീകൃത ഏജൻറന്മാരുടേയും സമ്പാദ്യപദ്ധതിയുടെ മററു പ്രവത്തകന്മാരു ടേയും സേവനമനോഭാവത്തോടുകൂടിയുള്ള പ്രവത്തനത്തെ ആസ്പദമാക്കിമാത്രമേ ഈ സംരംഭം വിജയിക്കുകയുള്ളൂ. നിക്ഷേപങ്ങൾ സ്വീകരിക്കുന്നവരുടേയും സർട്ടിഫിക്കററുകൾ വില്ക്കുന്നവരുടേയും സഹകരണം, ഇതിൽ, അവക്കു് കണക്കിലെടുക്കാവുന്നതാണ്. ദേശീയസമ്പാദ്യസംഘടന എല്ലാപ്പോഴും അവരുടെ സഹായത്തിനു് തീർച്ചയായും ഉണ്ടായിരിക്കുകയും ചെയ്യും.

ഈ അടിയന്തിരഘട്ടത്തിൽ നിങ്ങൾക്കു് ഒരു സേവിങ്സ് വാളണ്ടി യറായോ, ഏജൻറായോ രാജ്യത്തെ സഹായിക്കാവുന്നതാണ്. സമ്പാദ്യ ശേഖരണം ആക്രമണകാരിയോടു് യുദ്ധംചെയ്യുന്നതിനെ സഹായിക്കുവാനുള്ള നിങ്ങളുടെ തീരുമാനത്തിൻെറ സുവ്യക്തമായ പ്രകടനമാണ്.

നിങ്ങൾ ഒരു ഏജൻസി എടുക്കുകയാണെങ്കിൽ നിങ്ങളുടെ രസീതുബുക്കു വഴി വില്ക്കുന്ന എല്ലാ സർട്ടിഫിക്കററുകൾക്കും കമ്മീഷൻ ലഭിക്കുന്നതായി രിക്കും. കമ്മീഷൻ കൂടാതെ പ്രവത്തിക്കാനാണ് നിങ്ങൾ ആഗ്രഹിക്കുന്നതെ ങ്കിൽ നിങ്ങൾക്കു് അതു് ഉപേക്ഷിക്കുകയോ, നാഷണൽ ഡിഫൻസ് ഫണ്ടി ലേക്കു് സംഭാവനയായി നൽകുകയോ ചെയ്യാം.

നാഷണൽ ഡിഫൻസ് സർട്ടിഫിക്കററു്, ഡിഫൻസ് ഡിപ്പാസിററു് സർട്ടിഫിക്കററു്, ആന്യുവിററി സർട്ടിഫിക്കററു് എന്നിവയുടെ വില്പനയെ സഹായിക്കുവാൻ അംഗീകൃത ഏജൻറന്മാർ നിയമിക്കപ്പെടുന്നു. ഏജൻറന്മാക്കു് നാഷണൽ ഡിഫൻസ് സർട്ടിഫിക്കററിനു് ഒന്നേകാൽ ശതമാനവും, ഡിഫൻസ് ഡിപ്പാസിററ് സർട്ടിഫിക്കററിനും 15 വർഷ ആന്യുവിററി സർട്ടിഫിക്കററിനും ഒരു ശതമാനം വീതവും കമ്മീഷൻ നൽകിവരുന്നു.

കമ്മീഷൻ ലഭിക്കുന്ന സെക്യൂരിററികൾ

1. നാഷണൽ ഡിഫൻസ് സർട്ടിഫിക്കററുകൾ

5 രു., 10 രു., 50 രു., 100 രു., 500 രു., 1,000 രു., 5,000 രു., 25,000 രു. എന്നീവിലകളുള്ള നാഷണൽ ഡിഫൻസ് സർട്ടിഫിക്കററുകൾ സേവിങ്സ്

ബാങ്കു നടത്തുന്ന എല്ലാ പോസ്റ്റാഫീസിലും കിട്ടുന്നതാണ്. ഒരു വ്യക്തിക്ക് 35,000 രൂപയും, രണ്ടുപേർക്ക് കൂട്ടായി 70,000 രൂപവരെയും നിക്ഷേപിക്കാം. സ്ഥാപനങ്ങൾക്ക് ഉയർന്നപരിധികൾ ഉണ്ട്. കാലാവധിയായ പന്ത്രണ്ടു വർഷം കഴിയുമ്പോൾ സർട്ടിഫിക്കറ്റുകൾക്ക് 6.25 ശതമാനം സാധാരണ പലിശയോടുകൂടി അഥവാ 4·75 ശതമാനം കൂട്ടുപലിശയോടുകൂടി പണം മടക്കിവാങ്ങാവുന്നതാണ്. പലിശ ആദായനികുതിക്ക് വിധേയമല്ല. വാങ്ങിയതിനുശേഷം ഒരുവർഷംകഴിഞ്ഞ്, എപ്പോൾ വേണമെങ്കിലും സർട്ടിഫിക്കറ്റുകൾ പണമാക്കി മാററാവുന്നതാണ്. വാങ്ങിയിട്ട് എത്രനാൾകഴിഞ്ഞാണ് വിററതെന്നതനുസരിച്ച്, കാലാവധിയാകാതെ അപ്രകാരം ചെയ്യുന്നതായാൽ, ആനുപാതികമായി പലിശനിരക്ക് കുറഞ്ഞിരിക്കും. അത് താഴെ പറയുന്ന ക്രമത്തിലായിരിക്കും.

100 രൂപ സർട്ടിഫിക്കററിന്	1	വർഷം കഴിഞ്ഞ്	രൂപ	100
,,	2	,,	,,	104
,,	3	,,	,,	109
,,	4	,,	,,	114
,,	5	,,	,,	120
,,	6	,,	,,	126
,,	7	,,	,,	133
,,	8	,,	,,	140
,,	9	,,	,,	148
,,	10	,,	,,	156
,,	11	,,	,,	165
,,	12	,,	,,	175

2. ഡിഫെൻസ് ഡിപ്പോസിററ് സർട്ടിഫിക്കററുകൾ

റിസർവ്വ് ബാങ്ക് ആഫ് ഇന്ത്യയുടേയും സ്റ്റേററ് ബാങ്ക് ആഫ് ഇന്ത്യയുടേയും അവയുടെ ഗവണ്മെൻറ് ട്രഷറി ബിസിനസ്സ് നടത്തുന്ന സബ്സിഡിയറി ബാങ്കുകളുടേയും എല്ലാ ആഫീസുകളിലും, എല്ലാ ട്രഷറികളിലും സബ് ട്രഷറികളിലും, സേവിങ്സ് ബാങ്ക്പ്രവത്തനം നടത്തുന്ന എല്ലാ പോസ്റ്റാഫീസിലും ഈ സർട്ടിഫിക്കററുകൾ വാങ്ങുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതാണ്. 50 രൂപയുടേയും അവയുടെ ഗുണിതങ്ങളുടേയും തുകയ്ക്കു ഈ സർട്ടിഫിക്കററുകൾ കിട്ടുന്നതാണ്. ഒരു വ്യക്തിക്ക് 35,000 രൂ. വരെയും രണ്ടുപേർക്കുകൂട്ടായി 70,000 രൂ. വരെയും ഇതിൽ നിക്ഷേപിക്കാം. സ്ഥാപനങ്ങൾക്കും മററും ഉയർന്ന പരിധിയുണ്ട്. പ്രായപൂർത്തിയായ ഒരാൾക്ക് മൈനർക്കു വേണ്ടി ഇതു വാങ്ങാവുന്നതാണ്. വർഷംതോറും $4\frac{1}{2}$ ശതമാനം നിരക്കിൽ പലിശ കൊടുക്കുന്നതാണ്. പലിശ ആദായനികുതിക്ക് വിധേയമല്ല. നിക്ഷേപത്തെത്തുടർന്ന് പത്തുവർഷം പൂർത്തിയാകുമ്പോൾ ഈ തുക മടക്കികൊടുക്കുന്നതാണ്. വാങ്ങിയതിനുശേഷം ഒരു വർഷം കഴിഞ്ഞാൽ ഈ സർട്ടിഫിക്കററുകൾ എപ്പോൾ വേണമെങ്കിലും പണമായി മാററാവുന്നതാകുന്നു.

എന്നാൽ ഇത്തരം സന്ദർഭങ്ങളിൽ താഴെ വിവരിച്ചിട്ടുള്ള പട്ടിക അനുസരിച്ച് ഒരു ഡിസ്കൗണ്ട് ഈടാക്കുന്നതാണ്.

ഒരു വർഷത്തിനുശേഷം	രണ്ടുവർഷത്തിനകം	രൂ.	ന. പ.
1	2	4	50
2	3	5	00
3	4	6	50
4	5	6	50
5	6	5	50
6	7	4	50
7	8	4	00
8	9	3	00
9	10	1	50

3. ആന്വൂവിററി സർട്ടിഫിക്കററുകൾ.

ഈ സർട്ടിഫിക്കററുകൾ നിക്ഷേപകന്, നിക്ഷേപത്തിനുശേഷം ഒരു മാസം കഴിഞ്ഞാൽ 15 വർഷത്തേക്ക്, ആദായനികുതിക്ക് വിധേയമാകാതെ $4\frac{1}{4}$ ശതമാനം കൂട്ടുപലിശയോടുകൂടി പലിശയും തുകയും ചേർന്ന ഒരു നിശ്ചിത തുക നേടികൊടുക്കുന്നതാണ്. ഇതിലേക്കുള്ള നിക്ഷേപത്തിനുള്ള അപേക്ഷകൾ ഡിഫൻസ് ഡിപ്പാസിററ് സർട്ടിഫിക്കററുകൾ നൽകുന്ന സ്ഥലങ്ങളിൽ സ്വീകരിക്കുന്നതാണ്. ഇവ പ്രായപൂർത്തിയായ ഒരാൾക്കോ രണ്ടുപേർ ചേർന്നോ, അല്ലെങ്കിൽ പ്രായപൂർത്തി ആകാത്തവർക്കുവേണ്ടി രക്ഷകർത്താവിനോ വാങ്ങാവുന്നതാണ്. ഒരു പ്രായപൂർത്തിയായ ആൾക്ക് സ്വന്തംപേരിലോ, മൈനറിന്റെ പേരിലോ നിക്ഷേപിക്കാവുന്നതിന്റെ പരമാവധി 26,600 രൂപയും, രണ്ടുപേർ ഒരുമിച്ചാണെങ്കിൽ 53,200 രൂപയും ആകുന്നു. 1,330 രൂ., 3,320 രൂ., 6,650 രൂ., 13,300 രൂ. എന്നീ വിലയുള്ളകിട്ടുന്ന സർട്ടിഫിക്കററുകൾ നിക്ഷേപകന് യഥാക്രമം 10 രൂ., 25 രൂ., 50 രൂ , 100 രൂ., 200 രൂ. എന്നീ തുകകൾ നേടിക്കൊടുക്കുന്നതും ആകുന്നു. ഇതു് എല്ലാ ട്രഷറികളിലും, റിസർവ്വ് ബാങ്കിന്റെബോംബെ, കൽക്കട്ടാ, ന്യൂഡെൽഹി, മദ്രാസ്, ബാംഗ്ളൂർ എന്നീ പബ്ലിക്ക് ഡെബ്ററ് (Public Debt) ആഫീസ്സുകളിലും നിന്നു് കിട്ടുന്നതാകുന്നു.

ഡിഫൻസ് ഡിപ്പാസിററ് സർട്ടിഫിക്കററും, ആന്വൂവിററി സർട്ടിഫിക്കററും റിസർവ്വ്ബാങ്ക് ആഫ് ഇന്ത്യയുടെ പബ്ലിക്ക് ഡെബ്ററ് (Public Debt) ആഫീസ്സുകളിൽ ഭദ്രമായി സൂക്ഷിക്കാവുന്നതാണ്. അങ്ങനെചെയ്താൽ നിക്ഷേപകന് ചെല്ലേണ്ട വാർഷികപലിശയോ, പ്രതിമാസവരവിനങ്ങളോ, പണമായോ ബാങ്ക് ഡ്രാഫ്ററായോ (Bank Draft) കൊടുക്കുകയോ, അല്ലെങ്കിൽ ബാങ്ക് അക്കൌണ്ടിലോ, പോസ്റ്റൽ സേവിങ്സ് ബാങ്ക് അക്കൌണ്ടിലോ, അടയ്ക്കുകയോ ചെയ്യുന്നതായിരിക്കും.

എങ്ങനെ ഏജൻറാകാം

ദേശീയസമ്പാദ്യപദ്ധതി അനുസരിച്ചുള്ള അംഗീകൃത ഏജൻറായി പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ നിർദ്ദിഷ്ടഫാറത്തിൽ ഏജൻസിക്കു വേണ്ടിയുള്ള അപേക്ഷ നിങ്ങളുടെ ബ്ലാക്ക് ഡവലപ്പ്മെൻറ് ആഫീസർക്കോ താസിൽദാർക്കോ സമർപ്പിക്കാവുന്നതാണ്.

ഏജൻസി എടുക്കാൻ ആഗ്രഹിക്കുന്ന രജിസ്റ്റർചെയ്ത സ്ഥാപനങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾക്കുവേണ്ടി ഏജൻസി എടുക്കുന്നതിന് ഭാരവാഹികളെ അധികാരപ്പെടുത്തുന്നതായ ഒരു പ്രമേയം പാസ്സാക്കേണ്ടതാണ്. ഭാരവാഹികൾ അവരുടെ സ്ഥാപനത്തിനുവേണ്ടി കരാറിൽ ഏർപ്പെടുന്നതായിരിക്കും. പ്രസ്തുത സ്ഥാപനങ്ങൾക്ക് അംഗീകൃത പ്രവർത്തകരെ നിയോഗിക്കാവുന്നതും അവർക്ക് പ്രസ്തുത സ്ഥാപനത്തിനുവേണ്ടി നൽകിയിട്ടുള്ള രസീതുബുക്കുകൾവഴി നിക്ഷേപങ്ങൾ ശേഖരിക്കാവുന്നതുമാകുന്നു.

അപേക്ഷ സ്വീകരിച്ചുകഴിഞ്ഞാൽ നിങ്ങൾ ഗവണ്മെൻറുമായി 3 വർഷത്തേക്കുള്ള ഒരു കരാറിൽ ഉൾപ്പെടേണ്ടതുണ്ട്. ഈ കരാർ വീണ്ടും മൂന്നുവർഷകാലത്തേക്കുകൂടി പുതുക്കാവുന്നതാണ്. പണമായോ ഗവണ്മെൻറു കടപ്പത്രമായോ ആൾ ജാമ്യമായോ അഥവാ ഷെഡ്യൂൾഡ് ബാങ്കിൻെറ ജാമ്യമായോ ഉള്ള ഒരു ഈട് (Cash Security) വയ്ക്കേണ്ടതാണ് അപേക്ഷാഫാറവും കരാറിനുള്ള ഫാറവും നിയമനാധികാരികളിൽ നിന്നും കിട്ടുന്നതാണ്. ഈ കരാറിന് സ്റ്റാമ്പ് ഫീസ്സിൻെറ ആവശ്യം ഇല്ല.

ഏജൻറന്മാരുടെ ഇനങ്ങൾ

ഈടായി നിക്ഷേപിച്ചിട്ടുള്ള തുകയുടെയോ, തന്നിട്ടുള്ള ജാമ്യത്തിൻെറയോ അടിസ്ഥാനത്തിൽ ഓരോ ഏജൻറന്മാരും രസീതുബുക്കുകൾ വാങ്ങുന്നതിന് അർഹരാണ്.

ഈടുനൽകിയ തുക അഥവാ ആൾ ജാമ്യങ്ങൾ	രസീതു പുസ്തക വില
1. വ്യക്തികൾ	
(1) 2,000 രൂപയുടെ ഈട് അഥവാ 2 000 രൂപ വീതമുള്ള രണ്ട് ആൾ ജാമ്യം അഥവാ 4,000 രൂപയുടെ ഒരു ബാങ്കു ജാമ്യം.	45,000
(2) 1,000 രൂപയുടെ ഈട് അഥവാ 1,000 രൂപ വീതമുള്ള രണ്ട് ആൾ ജാമ്യം അഥവാ 2,000 രൂപയുടെ ഒരു ബാങ്കു ജാമ്യം.	20,000
(3) 100 രൂ. ഈട്.	5 000
(4) ഗവണ്മെൻറ് ആഫീസ്സുകളിലെ ഇൻഡോർ ഏജൻറന്മാർ (നിരതദ്രവ്യമോ ജാമ്യമോ ആവശ്യമില്ല).	5,000
(5) 5,000 രൂപയുടെ ഈട് അഥവാ അത്രയും തുകയ്ക്കുള്ള ബാങ്കു ജാമ്യം.	90,000
2. സ്ഥാപനങ്ങൾ	
(1) സഹകരണബാങ്കുകൾ, സഹകരണ സംഘങ്ങൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, കമ്മേഴ്സ്യൽ ബാങ്കുകൾ.	45,000
(2) രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ (ജാമ്യത്തുക രൂ. 100)	20 000 രൂ. വീതം ഓരോ അധികൃതപ്രവർത്തകർക്കും

ഇതുകൂടാതെ ഓരോ ഏജൻറും അംഗീകൃതപ്രവത്തകരും 10 ബ്ലാങ്കരസീതുകഠം വീതമുള്ള 2 ക്രാസ്സചെയ്ത രസീതുബുക്കുകഠം വീതം വാങ്ങുന്നതിന്ന് അഹ്രാണ്. (റിസവ്വ്ബാങ്കിൻെറ കാലേക്കൂട്ടിയുള്ള അനുവാദം ഉണ്ടെങ്കിൽ ഷെഡ്യൂഠഡ് അല്ലാത്ത ബാങ്കുകളുടെ ജാമ്യവും സ്വീകരിക്കുന്നതാണ്.)

അധികാരപത്രം

ഒരു ഏജൻറിനെയോ, വ്യക്തിയെയോ, സ്ഥാപനത്തിനെയോ നിയമിച്ചതിനുശേഷം നിയമനാധികാരി പുതിയ ഏജൻറിൻെറ പേക്ക് അഥവാ അധികൃതപ്രവത്തകൻെറ പേക്ക് ഒരു അധികാരപത്രം കൊടുക്കുന്നു. ഇതു ഗവണ്മെൻറിനുവേണ്ടി നാഷണൽ ഡിഫൻസ് സർട്ടിഫിക്കററു്, ഡിഫൻസ് ഡിപ്പാസിററു് സർട്ടിഫിക്കററു്, ആന്യൂവിററി സർട്ടിഫിക്കററു് ഇവകളിൽ നിക്ഷേപം സ്വീകരിക്കുന്നതിന്ന് അയാളെ അധികാരപ്പെടുത്തുന്നു. തിരിച്ചറിയുന്നതിനുവേണ്ടി പ്രസ്തുത പത്രത്തിൽ ഏജൻറിൻെറ കയ്യൊപ്പ് ഉണ്ടായിരിക്കുന്നതാണ്. അയാഠം ഏതൊരു പോസ്റ്റാഫീസിൽ നിന്നാണ് രസീതുബുക്കുകളും കമ്മിഷനും വാങ്ങാൻ ബന്ധപ്പെട്ടിരിക്കുന്നതെന്നും ഇതിൽ കാണിച്ചിരിക്കും. ഏതെങ്കിലും പോസ്റ്റാഫീസ്സുമായി രസീതുബുക്കുകളും കമ്മിഷനും വാങ്ങുന്നതിന്ന് ഏജൻറിന്ന് ബന്ധപ്പെടാവുന്നതാണ്. എന്നാൽ ഹെഡ് പോസ്റ്റാഫീസ്സുമായി ബന്ധപ്പെട്ടാലും പ്രസ്തുത ഹെഡാഫീസിൻെറ കീഴിലുള്ള ഏതെങ്കിലും ഒരു സബ്പോസ്റ്റാഫീസിൽ നിന്ന് മാത്രമേ നാഷണൽ ഡിഫൻസ് സർട്ടിഫിക്കററു് വാങ്ങാൻ കഴിയൂ. ഡിഫൻസ് ഡിപ്പോസിററു് സർട്ടിഫിക്കററു്, ആന്യൂവിററി സർട്ടിഫിക്കററു് എന്നിവയുടെ കാര്യത്തിൽ ഏജൻറു് ഏതെങ്കിലും ഒരു ട്രഷറിയോടോ സബ് ട്രഷറിയോടോ ഡിപ്പാസിററു് സ്വീകരിക്കുന്ന മററൊരാഫീസിനോടോ ബന്ധപ്പെട്ടിരിക്കും. ഇൻേറണൽ ഏജൻറായി നിയമിക്കപ്പെട്ടിട്ടുള്ള ഗവണ്മെൻറു് ജീവനക്കാരല്ലാത്തവർ, ബ്രാഞ്ചുപോസ്ററുമാസ്റ്ററന്മാർ, സ്ഥാപനങ്ങളിലെ അധികൃതപ്രവത്തകർ, ഗ്രാമങ്ങളിൽ നിന്നുള്ള ഏജൻറന്മാർ ഇവരൊഴികെ ബാക്കി എല്ലാപേരും തങ്ങളുടെ സർട്ടിഫിക്കററിന്മേൽ ഫോട്ടോ ഒട്ടിക്കേണ്ടതാണ്. ഏജൻറു ആവശ്യപ്പെട്ടാൽ തപാലാഫീസ് മുഖാന്തിരം ഡിഫൻസ് ഡിപ്പാസിററു് സർട്ടിഫിക്കററിന്ന് പണം ഒടുക്കുന്നതിനുള്ള അംഗീകാരം നിയമനാധികാരി നല്കുന്നതാണ്.

ഏജൻറിനെ പററിയുള്ള വിശദവിവരങ്ങഠം അയാഠംക്ക് കമ്മിഷനും രസീതുബുക്കുകളും നൽകുന്നതിനുവേണ്ടി നിയമനാധികാരി ബന്ധപ്പെട്ട പോസ്റ്റാഫീസിനെ അറിയിക്കുന്നതാണ്. ഡിഫൻസ് ഡിപ്പാസിററു് സർട്ടിഫിക്കററിൻേറയും ആന്യൂവിററി സർട്ടിഫിക്കററിൻേറയും കാര്യത്തിൽ പ്രസ്തുത വിവരങ്ങഠം കമ്മിഷൻ നൽകാൻ അധികാരപ്പെടുത്തിയ ആളിനേയും കൂടി അറിയിക്കുന്നതാണ്.

രസീതുബുക്കുകൾ

ഒരു ഏജൻറിനോ, അധികൃതപ്രവത്തകനോ സ്വന്തം ഇഷ്ടാനുസരണം, അനുവദിച്ചിട്ടുള്ള തുകയിൽ കവിയാത്തവിധം ഏതെങ്കിലും പ്രത്യേക ഇനത്തിൽ പെട്ട ക്യാഷ്രസീതോ ക്രാസ്സചെയ്ത രസീതുബുക്കുകളോ വാങ്ങാവുന്നതാണ്. അധികാരപത്രത്തിൽ പറഞ്ഞിട്ടുള്ള പോസ്റ്റാഫീസിൽ നിന്നു മാത്രമേ രസീതുപുസ്തകങ്ങഠം കിട്ടുകയുള്ളൂ. ഏജൻറു് പണമിടപാടുകാഠക്കുള്ള രസീതുബുക്കുകഠം ക്രോസ്സചെയ്ത ചെക്കുകഠംക്ക് പകരമായോ മറിച്ചോ ഉപയോഗിക്കരുതു്. നാഷണൽ ഡിഫൻസ് സർട്ടിഫിക്കററിനും ഡിഫൻസ് ഡിപ്പാസിററു് സർട്ടിഫിക്കററിനും പ്രത്യേകം രസീതുബുക്കുകഠം ഉപയോഗിക്കണം.

ഏജൻറിൻെറ കടമകൾ

ഒരു ഏജൻറിനു് രാജ്യത്തിൻെറ ഏതുഭാഗത്തുനിന്നും നിക്ഷേപം നേടാം. ഏജൻേറാ അധികൃതപ്രവർത്തകനോ പണം അല്ലെങ്കിൽ ചെക്കു് സ്വീകരിക്കുമ്പോൾ അതിൻെറ രസീതു് നിക്ഷേപകനു് നൽകേണ്ടതാണു്. നിക്ഷേപകനിൽ നിന്നും വേണ്ടതരത്തിൽ അപേക്ഷയും വാങ്ങിയിരിക്കേണ്ടതാണു്. എല്ലാ ചെക്കുകളും, ക്രാസ്സുചെയ്തവയും ബന്ധപ്പെട്ട പോസ്ററുമാസ്റ്ററുടെ പേക്കു് എഴുതപ്പെട്ടവയുമായിരിക്കണം. ചെക്കു് നിക്ഷേപകൻെറ പേക്കാണു് എഴുതിയിരിക്കുന്നതെങ്കിൽ പോസ്ററുമാസ്റ്ററുടെ പേക്കു് ആക്കുവാൻ സമ്മതിച്ചതായി അദ്ദേഹം തന്നെ രേഖപ്പെടുത്തിയിരിക്കണം. ഏജൻറു്നിക്ഷേപകനു് രസീതുകൊടുക്കുന്നതോടുകൂടി പണത്തിനുള്ള ഉത്തരവാദിത്വം ഗവണ്മെൻറിനായിരിക്കുന്നതാണു്. ഏജൻറിൻെറ കൈവശത്തിൽ ഇരിക്കുമ്പോൾ നഷ്ടപ്പെട്ടാൽ ഏജൻേറാ ജാമ്യക്കാരനോ ആ നഷ്ടം പരിഹരിക്കേണ്ടതാണു്. നിക്ഷേപകനിൽ നിന്നു് പണം വാങ്ങിയതിനുശേഷം ഏജൻറു് പത്തുദിവസത്തിനുള്ളിൽ പൂരിപ്പിച്ച അപേക്ഷയോടൊപ്പം പോസ്റ്റാഫീസിൽ പണം നിക്ഷേപിക്കേണ്ടതാണു്. എന്നാൽ സ്വന്തം താത്പര്യത്തിനു് അതു് നേരത്തെ അടയ്ക്കുകയാണു് നല്ലതു്. താൻ രസീതുകൊടുത്തതു് ഏതു രസീതുബുക്കിൽ നിന്നാണോ, ആ രസീതുബുക്കുംകൂടി ഏജൻറു് ഈ സന്ദർഭത്തിൽ ഹാജരാക്കേണ്ടതാണു്. പോസ്റ്റാഫീസ് അപേക്ഷാഫാറത്തിൽ ഏജൻറിൽ നിന്നും കൈപ്പററുരസീതു് വാങ്ങികൊണ്ടു് ഒരു സമ്പാദ്യസർട്ടിഫിക്കററു് തയ്യാറാക്കികൊടുക്കുന്നതാണു്. ഉടൻതന്നെ രസീതുനൽകുവാൻ സാദ്ധ്യമല്ലെങ്കിൽ പോസ്റ്റാഫീസ് ഒരു താല്ക്കാലികരസീതു നല്കുന്നതായിരിക്കും.

ചെക്കുസഹിതമുള്ള അപേക്ഷകൾ പോസ്റ്റാഫീസിൽ സ്വീകരിക്കുന്നതാണു്. ചെക്കു് എഴുതിയ തീയതി ആയിരിക്കും സർട്ടിഫിക്കററിനു്. എന്നാൽചെക്കു് മാറിയതിനുശേഷമേ സർട്ടിഫിക്കററുകൾ ഏജൻറിനു് കൊടുക്കുകയുള്ളൂ പോസ്റ്റാഫീസിൽ നിന്നും സർട്ടിഫിക്കററു് കിട്ടിയാൽ എത്രയും വേഗം അതു നിക്ഷേപകനു് എത്തിച്ചുകൊടുക്കേണ്ടതാണു്. ഏതായാലും ഇതിനു് നിക്ഷേപത്തിനുശേഷം മുപ്പതുദിവസം കഴിയാൻ പാടില്ല. ഏജൻറു് തൻെറ രസീതുകുററിയിൽ നിക്ഷേപകൻെറ കയ്യൊപ്പു്. സർട്ടിഫിക്കററു് നൽകിയതിൻെറ അടയാളമായി വാങ്ങിയിരിക്കേണ്ടതാണു്. ഇടപാടുകളിൽ കീർത്തിനേടുന്നതിനുള്ള മാർഗ്ഗത്തിൽ കൃത്യനിഷ്ഠ ഒരു പ്രധാന ഘടകമാണു്. ഏജൻറു് സർട്ടിഫിക്കററു് നിക്ഷേപകനെ ഏല്പിക്കുന്നതോടുകൂടി ഒരു ഇടപാടു പൂർത്തിയാകുന്നു.

ഡിഫൻസ് ഡിപ്പാസിററു് സർട്ടിഫിക്കററു് ആണെങ്കിൽ അപേക്ഷാഫാറവും പണവും ഏജൻറു് നിക്ഷേപം സ്വീകരിക്കുന്ന ആഫീസിൽ നിന്നു് രണ്ടാഴ്ചയ്ക്കകം തയ്യാറാക്കി ഡിപ്പാസിററു് സ്വീകരിക്കുന്ന ആഫീസിലേക്കു് അയയ്ക്കുന്നു. അവിടെനിന്നും താല്ക്കാലിക രസീതു് മടക്കിക്കൊടുത്തിട്ടു് ഏജൻറു് സർട്ടിഫിക്കററു് വാങ്ങി, തൻെറ രസീതുബുക്കിൽ രേഖപ്പെടുത്തിയിട്ടു് വാങ്ങുന്ന ആളിനുകൊടുക്കുന്നു.

ഏജൻറന്മാക്കു് സഹായികൾ

എല്ലാ ഷെഡ്യൂംഡു് ബാങ്കുകൾക്കും കമ്മേഴ്സ്യൽ ബാങ്കുകൾക്കും സഹകരണബാങ്കുകൾക്കും തങ്ങളുടെ സിൽബന്തികൾ മുഖേന രസീതുബുക്കുകൾ വാങ്ങുക, സർട്ടിഫിക്കററു് വാങ്ങുക, കമ്മീഷൻ അവകാശപ്പെടുക തുടങ്ങിയ

ഇടപാടുകൾ നടത്താൻ അനുവാദമുണ്ട്. പ്രത്യേകമായി അപേക്ഷിച്ചാൽ വ്യക്തികളായ ഏജൻറന്മാർക്കും ഈ സൌകര്യം അനുവദിക്കും. ഈ സൌജന്യം ഗണ്യമായ തുക ശേഖരിക്കുന്ന ഏജൻറന്മാർക്കു മാത്രമേ അനുവദിക്കുകയുള്ളൂ.

എങ്ങനെയാണ് കമ്മിഷൻ അവകാശപ്പെടുന്നത്?

നാഷണൽ ഡിഫൻസ് സർട്ടിഫിക്കററിൻെറ കമ്മിഷൻ അവകാശപ്പെടുന്നതിനുള്ള ഫാറം അടിയിൽ കൊടുത്തിട്ടുണ്ട്. മാസത്തിൽ ഒരിക്കൽ മാത്രമേ കമ്മിഷൻ അവകാശപ്പെടാവൂ. നാഷണൽ ഡിഫൻസ് സർട്ടിഫിക്കററിൻെറ കമ്മിഷൻ അവകാശപ്പെടുന്നതു് രസീതുബുക്കുകളും കമ്മിഷനും വാങ്ങുന്നതിലേക്കായി പ്രത്യേകം ബന്ധപ്പെട്ടിരിക്കുന്ന പോസ്റ്റാഫീസ് വഴിക്കു് ആയിരിക്കേണ്ടതാണ്. ഏജൻറിനു് പ്രസ്തുത പോസ്റ്റാഫീസിൽ സേവിങ്ങ്സ് ബാങ്ക് അക്കൌണ്ടു് ഉണ്ടെങ്കിൽ കമ്മിഷൻ തൻെറ കണക്കിൽ വരവുവെയ്ക്കാൻ പറയാവുന്നതാണ്.

ഡിഫൻസ് സർട്ടിഫിക്കററുകളെ സംബന്ധിച്ചിടത്തോളം കമ്മിഷൻ ബന്ധപ്പെട്ട ട്രഷറി ആഫീസിൽ നിന്നു മാത്രമേ ആവശ്യപ്പെടുകയും സ്വീകരിക്കുകയും ചെയ്യാവൂ (അഥവാ ഇതിലേയ്ക്കു് ഗവണ്മെൻറു് നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും ആഫീസർ ഉണ്ടെങ്കിൽ, അദ്ദേഹത്തിൽ നിന്നു്). കമ്മിഷനു് അഹ്തലഭിക്കുന്ന തീയതിമുതൽ നാലുമാസത്തിനുള്ളിൽ അതു് ആവശ്യപ്പെടണം. അങ്ങനെ ചെയ്യിില്ലെങ്കിൽ പിന്നീടുവാങ്ങാൻ നാഷണൽ സേവിംഗ്സ് റിജിയണൽ ഡയറക്ടറുടെ പ്രത്യേക അനുവാദം വേണ്ടിവരും. നിയന്ത്രണാതീതമായ കാരണങ്ങളാലാണ് കമ്മിഷൻ ആവശ്യപ്പെടാൻ സാധിക്കാതിരുന്നതെന്നു് ബോദ്ധ്യപ്പെടുത്തിയിൽ മാത്രമേ ഇപ്രകാരം കമ്മിഷൻ നൽകുവാൻ അനുവാദം ലഭിക്കുകയുള്ളൂ.

ഏതെങ്കിലും ഒരു സ്ഥാപനത്തിനോടു ബന്ധപ്പെട്ട ഏജൻറിനുള്ള എല്ലാ കമ്മിഷനും പ്രസ്തുത സ്ഥാപനം മുഖാന്തിരം അവകാശപ്പെടാവുന്നതും ആ സ്ഥാപനത്തിൻെറ ഇഷ്ടാനുസരണം കമ്മിഷൻ ഏജൻറന്മാർക്കു് വീതിച്ചുകൊടുക്കാവുന്നതുമാണ്. കമ്മിഷൻ വാങ്ങാൻ അധികാരപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഒരു സ്ഥാപനത്തിൻെറ കമ്മിഷൻ അവിടത്തെ ഒരു പ്രവത്തകനെ ഏല്പിക്കാം.

ഒരു ബില്ലിലെ ചില ഇനങ്ങൾ തടയുന്നുവെങ്കിൽ ബില്ലു മുഴവനുംകൂടി തടഞ്ഞുപോകുകയില്ല. ശരിയാണെന്നുള്ളവ അനുവദിക്കുകയും പണം കൊടുക്കുകയും ചെയ്യും.

ഏജൻറന്മാർക്കു് പരിശീലനം

തൻെറ ഉപകരണങ്ങൾ കൈകാര്യം ചെയ്യുവാൻ അറിയാതെ ഒരു തൊഴിലിലും ആക്കും വൈദഗ്ദ്ധ്യം നേടുവാൻ സാധിക്കുകയില്ല. അതുകൊണ്ടു്, നിയമനത്തിനുശേഷം ഉടൻതന്നെ പുതിയ ഏജൻറന്മാർക്കു് ഹ്രസ്വമായ പരിശീലനം വ്യക്തിപരമായോ ഏതെങ്കിലും ശിബിരിൽവച്ചോ നൽകപ്പെടുന്നു.

ജില്ലാ ആർഗനൈസറും, ആ പ്രദേശത്തെ അസിസ്റ്റൻറു് റീജിയണൽ ഡയറക്ടറും എപ്പോഴും ഏജൻറിൻെറ സഹായത്തിനുണ്ടു്. വിഷമം ഉള്ളപ്പോൾ അവരോടു് ആലോചിക്കുവാൻ തനിക്കു് സ്വാതന്ത്ര്യം ഉണ്ടെന്നു് ഏജൻറു് ധരിക്കേണ്ടതാണ്.

പലവക

സർട്ടിഫിക്കററുകൾ പണമാക്കുമ്പോഴോ, സേവിംങ്ങ്സ് ബാങ്ക് അക്കൌണ്ടിൽ നിന്നും തുക പിൻവലിക്കുമ്പോഴോ നിക്ഷേപകനെ പോസ്റ്റാഫീസിൽ തിരിച്ചറിയുന്നതിനു് ഏജൻറിനു കഴിയും.

വാർത്താവിനിമയ സൗകര്യങ്ങൾ സുലഭമല്ലാത്ത പ്രദേശങ്ങളിൽ ഏജൻറന്മാർ പോസ്റ്റാഫീസിൽ പണം നിക്ഷേപിക്കുന്നതിനുള്ള കാലാവധി പത്തു ദിവസമെന്നതു് പതിനഞ്ചുദിവസമായി മാററാൻ ഗവണ്മെൻറിൻെറ പ്രത്യേക അനുവാദം നേടാവുന്നതാണു്.

കൽക്കട്ടാ, ഹൌറാ, മദ്രാസ് (മൌണ്ടു് റോഡിലുള്ള ഹെഡ്പോസ്റ്റാഫീസുൾപ്പെടെ), ഹൈദ്രാബാദ്, സെക്കണ്ടറാബാദ്, ന്യൂഡെൽഹി എന്നീ സ്ഥലങ്ങളിലെ സബ്പോസ്റ്റാഫീസ്സുമായി ബന്ധപ്പെട്ടു് 5,000 രൂപയുടെ ഈടു് വച്ചിട്ടുള്ളവക്കു് സ്ഥലത്തെ ഏതു സബ്പോസ്റ്റാഫീസ്സുമായും ബന്ധപ്പെടാവുന്നതാണു്—ഒരുപക്ഷേ അവ രണ്ടു ഹെഡ്പോസ്റ്റാഫീസിൻെറ കീഴിലുള്ളവയാണെങ്കിൽക്കൂടിയും.

PRINTED BY THE S. G. P. AT THE GOVERNMENT. PRESS, TRIVANDRUM. 1963

ഏജൻറന്മാക്കുള്ള ഫൈഡലിററി ഗാറൻറി പാളിസി (Fidelity Gurantee Policy) സൗകര്യം

അംഗീകൃത ഏജൻറായി പ്രവർത്തിക്കാൻ തയ്യാറാകുന്ന വ്യക്തി നൽകേണ്ട ജാമ്യം, ഓറിയൻറൽ ഫയർ ആൻറ് ജനറൽ ഇൻഷുറൻസ് കമ്പനി (P. B. No. 1989—Fort, Bombay) വക ഫൈഡലിററി ഗാറൻറി പാളിസിയായും സ്വീകരിക്കുന്നതാണ്. ഈ കമ്പനി 3,000, 2,000, 1,000, 100 എന്നീ രൂപകൾക്കുള്ള പാളിസികൾ നൽകുന്നുണ്ട്. ആയിരം രൂപയുടെ 3 വർഷത്തെ പാളിസിക്ക് രൂപ 7.50 ആണ് പ്രീമിയം. എന്നാൽ ഏററവും കുറഞ്ഞ പ്രീമിയം 15 രൂപയാണ്.